**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4561** **29-10-2021 - ൽ മറുപടിയ്ക്ക്**

**റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള പ്രൊവിഷണൽ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനംവകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള പ്രൊവിഷണൽ പ്രൊമോഷന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | വനംവകുപ്പിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക വളരെ പ്രധാനപ്പെട്ട തസ്തിക ആയതിനാലും, വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലും വന സംരക്ഷണ പ്രവർത്തനങ്ങളിലും സുപ്രധാനമായ പങ്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ വഹിക്കുന്നതിനാലും, ഈ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാലുമാണ് - ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ താൽക്കാലിക പ്രൊമോഷൻ നൽകുവാൻ അനുമതി നൽകുന്നത്. 1958-ലെ കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II റൂൾ 31 (എ) (i) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിലാണ് സർക്കാർ അർഹരായ ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർമാർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകി വരുന്നത്. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം എത്ര ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ബി) | നിലവിൽ 71 പേർ താൽക്കാലിക പ്രൊമോഷൻ നേടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലിയിൽ തുടരുന്നു. |
| (സി) | പ്രൊവിഷണൽ പ്രൊമോഷൻ നടത്തിയതിൽ, റാങ്കിനിടയിലുള്ള ആരെയെങ്കിലും മാറ്റി നിർത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മാറ്റി നിർത്തിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ആരൊക്കെയാണെന്നും മാറ്റി നിർത്താനുണ്ടായ കാരണവും വ്യക്തമാക്കാമോ? | (ഡി) | അച്ചടക്കനടപടികൾ പൂർത്തിയാക്കി യിട്ടില്ലാത്തതിനാൽ ശ്രീ.സി.വി. വിനോദ് കുമാർ, ശ്രീ. ഷാനവാസ് കെ, ശ്രീ. ഗിരീഷ് കെ. എന്നിവരെയും സ്ഥാനകയറ്റത്തിന് പരിഗണിച്ച വേളയിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ശ്രീ.വി.എസ്. |

| | | | |
|---|---|---|---|
| | | | അരുൺ, ശ്രീ.പി. സലീം എന്നിവരെയും ഒഴിവാക്കിയിട്ടുണ്ട്. സ്ഥാനക്കയറ്റത്തിന് പരിഗണിച്ച വേളയിൽ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ മാറ്റി നിർത്തിയ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഗിരീഷ്.കെ.യുടെ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ, താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ